"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി വകുപ്പ് - കെ.എം.സി.സി ചട്ടം 104- ആലപ്പുഴ, പടനിലം.പി.ഒ., ചിറക്കര ഹൗസിൽ ശ്രീമതി. സജ്ന സുഗുണന് ചെറുകിട വ്യാവസായികാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം നടത്തുന്നതിനായി മണൽ നീക്കം ചെയ്യുന്നതിനായി പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.640/2026/ID തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-

1. 27.05.2025-ൽ ശ്രീമതി. സജ്ന സുഗുണൻ കൊല്ലം ജില്ലാ ജിയോളജിസ്റ്റിന് സമർപ്പിച്ച അപേക്ഷ.

2. 07.02.2026-ലെ കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDO PLR/KLM/2135/2025-A നമ്പർ നിരാക്ഷേപ പത്രം.

3. 10.04.2026-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 10/4/2026 ലെ ഡി.എം.ജി/813/2026- എം6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യാവസായികാവശ്യത്തിനുള്ള കെട്ടിടനിർമ്മാണം നടത്തുന്നതിന് കൊല്ലം ജില്ലയിൽ കന്നത്തൂർ താലൂക്കിൽ ശൂരനാട് സൗത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 08 ൽ റീസർവ്വേ നം 194/3 നമ്പരിൽപ്പെട്ട സ്ഥലത്തുനിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ആലപ്പുഴ, പടനിലം. പി.ഒ., പാറ്റൂർ, ചിറക്കര ഹൗസിൽ ശ്രീമതി.സജ്ന സുഗുണൻ പരാമർശം(1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കൊല്ലം ജില്ലാ ജിയോളജിസ്റ്റ്, അപേക്ഷാ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനായി ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽ ഡിംങ്ങ് പെർമിറ്റിന്റെയും പ്ലാനിന്റേയും അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയും അപേക്ഷാ സ്ഥലത്തെ ധാതു നിക്ഷേപം ചെളികലർന്ന മണൽ ആണെന്നും അപേക്ഷാ വസ്തുവിലെ സാമ്പിൾ ശേഖരിച്ച് നടത്തിയ പരിശോധനയിൽ മണലിന്റെ സാന്നിധ്യം ആണ് കൂടുതൽ എന്ന് കണ്ടിട്ടുള്ളതായും ഭൂവികസന പ്ലാൻ പ്രകാരമുള്ള 13390 മെ.ടൺ ധാതു നീക്കം ചെയ്യേണ്ടതുള്ളതായി ബോധ്യപ്പെട്ടതായും ഡവലപ്പ്മെന്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവ് ധാതു നീക്കം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഡെവലപ്മെന്റ് പ്ലാനിൽ പരാമർശിച്ചിട്ടുള്ള 4463 $m^2$ ഡെവലപ്മെന്റ് ഏരിയയിൽ നിന്നും ജില്ലാ ഓഫീസിന്റെ പരിശോധനയിൽ കണ്ടെത്തിയ 6695$m^3$ (13390മെ.ടൺ) മണ്ണ് നീക്കം ചെയ്യുന്നതിന് നിബന്ധനകൾക്ക് വിധേയമായി കെ.എം.എം.സി ചട്ടം 104 പ്രകാരം അനുമതി നൽകുന്നതിനുള്ള ശിപാർശ പരാമർശം (3) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാർശം(2) നിരാക്ഷേപ പത്രം, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ പരാമർശം(3) ശിപാർശ എന്നിവയുടെ

അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ കന്നത്തൂർ താലൂക്കിൽ ശൂരനാട് സൗത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 08-ൽ റീസർവ്വേ നം 194/3 നമ്പരിൽപ്പെട്ട സ്ഥലത്ത് വ്യാവസായികാവശ്യത്തിനുള്ള കെട്ടിടനിർമ്മാണം നടത്തുന്നതിന് ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു നൽകിയ ഡെവലപ്മെന്റ് പ്ലാനിൽ പരാമർശിച്ചിട്ടുള്ള 4463 $m^2$ ഡെവലപ്മെന്റ് ഏരിയയിൽ നിന്നും 6695$m^3$ (13390മെ.ടൺ) മണ്ണ് നീക്കം ചെയ്യുന്നതിന് ആലപ്പുഴ, പടനിലം. പി.ഒ., പാറ്റൂർ, ചിറക്കര ഹൗസിൽ ശ്രീമതി.സജ്ന സുഗുണന് കെ.എം.എം.സി ചട്ടം 104 പ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

1.നീക്കം ചെയ്യുന്ന ധാതുവിന്‍്റെ അളവിന് തത്തുല്യമായ റോയൽറ്റി കൊല്ലം ജിയോളജിസ്റ്റ് മുൻപാകെ മുൻകൂർ ആയി ഒടുക്കുവരുത്തേണ്ടതാണ്.

2.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസപ്പെടാതെയും മാത്രമേ മണൽ നീക്കം ചെയ്യാൻ പാടുള്ളു.

3.പരിസരവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയില്ലാത്ത വിധത്തിൽ ധാതു നീക്കം നടത്തേണ്ടതാണ്.

4.RDO,കൊല്ലം അനുവദിച്ച നിരാക്ഷേപ സാക്ഷ്യപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി മണൽ നീക്കം ചെയ്യേണ്ടതാണ്.

5.ധാതു നീക്കം ചെയ്ത് രണ്ട് വർഷത്തിനകം കെട്ടിടത്തിൻറെ അടിത്തറ നിർമാണം നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം അനുമതി ലഭിക്കാനായി ഒടുക്കിയ റോയൽറ്റിയുടെ അഞ്ചിരട്ടി തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

6.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

7. പഞ്ചായത്ത് അംഗീകരിച്ചു നൽകിയ ഡെവലപ്മെന്‍്റ് പ്ലാനിന് അനുസൃതമായി മാത്രമേ മണൽ ഖനനം ചെയ്യുവാൻ പാടുള്ളു.

8.അനുമതി നൽകിയ സ്ഥലത്ത് കൃത്യമായ ഇടവേളയ്ക്ക് ശേഷം ജില്ലാ മിനറൽ സ്ക്വാഡ് പരിശോധന നടത്തി തത്സ്ഥിതി റിപ്പോർട്ട് ഡയറക്ടർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
ശ്രീമതി. സജ്ന സുഗുണൻ, ചിറക്കര ഹൗസ്,പാറ്റൂർ, പടനിലം. പി.ഒ. ആലപ്പുഴ 690529
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/175/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 11-06-2026 10:50:17